# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3178 — 28.01.2014-ൽ മറുപടിയ്ക്ക്

## ടോൾ പിരിവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) എത്ര കോടി രൂപ വരെ നിർമ്മാണത്തിന് വിനിയോഗിച്ച പാലങ്ങൾക്കാണ് ടോൾ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ; | (എ) കേരള ടോൾസ് ആക്ട് 1976 (6 of 1977), കേരള ടോൾസ് ലെവി റൂൾസ് 1983 എന്നിവ പ്രകാരം അഞ്ച് കോടി രൂപയിൽ അധികം നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾക്കാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ടോൾ ഏർപ്പെടുത്തിയിട്ടുള്ളത്. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ടോൾ പിരിക്കുന്നത് കേരള റോഡ് ഫണ്ട് ആക്ട് പ്രകാരമാണ്. ഇതുപ്രകാരം നിർമ്മാണ ചെലവ് ടോൾ പിരിവിന് ബാധകമല്ല. കേന്ദ്രസർക്കാർ നിയമമനുസരിച്ച് ദേശീയ പാതയിൽ വരുന്ന 10 കോടി രൂപയ്ക്കു മുകളിൽ നിർമ്മാണചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ ബാധകമായിരിക്കും. |
| (ബി) എത്ര വർഷം വരെയാണ് ടോൾ പിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) കേരള ടോൾസ് ലെവി റൂൾസ് പ്രകാരം, ലാന്റ് അക്വിസിഷൻ ഉൾപ്പെടെ 5 കോടി രൂപ മുതൽ 10 കോടി രൂപ വരെ നിർമ്മാണ ചെലവുള്ള പാലങ്ങൾക്ക് 15 വർഷം വരെയും 10 കോടി രൂപയ്ക്കു മുകളിലുള്ള പാലങ്ങളിൽ 20 വർഷം വരെയുമാണ് ടോൾ പിരിക്കേണ്ടത്. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർമ്മിക്കുന്ന പാലങ്ങളിൽ നിന്നും 15 വർഷത്തേക്കാണ് ടോൾ പിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിയമമനുസരിച്ച് പാലങ്ങളിലെ ടോൾ പിരിവ് നിരന്തരമാണ് (perpetual). |
| (സി) വൻകിട പാലങ്ങൾക്ക് മാത്രമായി ടോൾ പിരിവ് നിശ്ചയിക്കുകയും പരമാവധി പത്ത് വർഷം മാത്രം ടോൾ പിരിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കേരള ടോൾസ് ആക്ട്, കേരള ടോൾസ് ലെവി റൂൾസ് എന്നിവ പ്രകാരമാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ടോൾ ഏർപ്പെടുത്തിയിരിക്കുന്നത്. വൻകിട പാലങ്ങൾക്ക് മാത്രമായി പരമാവധി പത്ത് വർഷം മാത്രം ടോൾ പിരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. കേന്ദ്രസർക്കാരിന്റെ നിയമമനുസരിച്ച് പാലങ്ങളിലെ ടോൾ പിരിവ് നിരന്തരമാണ്. |

സെക്ഷൻ ഓഫീസർ